മലയാള ഗദ്യസാഹിത്യത്തെ ആധുനികീകരിക്കുന്നതിലും, അതിനു വൈജ്ഞാനികമായ ഉള്ളടക്കവും ഊർജിതവും സൗന്ദര്യവും നല്കുന്നതിലും ഡോക്ടർ ഭാസ്കരൻനായർ നൽകിയ അതുല്യമായ സംഭാവനയ്ക്കു് കേരളീയർ അദ്ദേഹത്തോടു കൃതജ്ഞരായിരിക്കേണ്ടതാണ്.

അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ എന്റെ അന്തിമ പ്രണാമം!

9 ജൂൺ, 1982

## 90. സുബ്രഹ്മണ്യ ഭാരതി

മഹാകവി സുബ്രഹ്മണ്യഭാരതി പിറന്നിട്ട് നൂറുവർഷം തികയുന്നതു് 1982 ഡിസംബറിലാണ്. എന്നാൽ, ദേശീയതലത്തിൽ ഭാരതി ശതാബ്ദ്യാഘോഷങ്ങൾ 1981 ഡിസംബറിൽത്തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

തമിഴ്നാട്ടിൽ നവോത്ഥാനത്തിന്റെ പ്രഘോഷകനായിരുന്നു മഹാകവി ഭാരതി. മുപ്പത്തൊമ്പതു വർഷമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. ഈ ഹ്രസ്വമായ കാലയളവിൽ സ്വാതന്ത്ര്യസമര സേനാനി, പത്രാധിപർ, സാമൂഹ്യപരിഷ്കാരവാദി, വിപ്ലവകവി, ഗദ്യകാരൻ, പ്രാസംഗികൻ, വേദാന്തി അങ്ങനെ എത്രയോ ഭൂമികകളിൽ അനുപമമായ വൈദഗ്ധ്യത്തോടെ അദ്ദേഹം ശോഭിക്കുകയുണ്ടായി.

സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള തമിഴ്ക്കവിത അദ്ദേഹത്തിന്റെ കൈയിൽ അത്ഭുതാവഹമാംവിധം പരിവർത്തനം നേടി. താളമിട്ട് വ്യത്യസ്ത രാഗങ്ങളിൽ പാടാനുള്ളവയായിരുന്നു അദ്ദേഹത്തിന്റെ ഭാവഗാനങ്ങളധികവും. അഗ്നിദ്രവംപോലെ അവ ശ്രോതാക്കളുടെ രക്തത്തിൽ നേരിട്ടു പ്രവേശിക്കുകയും, അവരുടെ ഹൃദയങ്ങളെ വികാരജ്ജ്വലിതങ്ങളാക്കുകയും ചെയ്തു. ആ കവിതയിൽ തമിഴ്നാട്ടിലെ സാധാരണ ജനങ്ങൾ സ്വന്തം ശബ്ദം തിരിച്ചറിഞ്ഞു. അവരുടെ നിത്യജീവിതഭാഷ-പക്ഷേ, ഓരോ പദത്തിനും എന്തു മൂർച്ച, എന്തു മുഴക്കം, എന്ത് പ്രകാശം! ആ കവിതയുടെ ബാഹ്യരൂപംതന്നെ തമിഴരുടെ ഹൃദയങ്ങളെ ദ്രവിപ്പിക്കുകയും വികസിപ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നതിനു പര്യാപ്തമായിരുന്നു.

അതിന്റെ ഉള്ളടക്കമോ? ഇന്ത്യയുടെ ഭൂതകാല മഹിമയും വർത്തമാനകാല വൈവശ്യങ്ങളും ഭാവിഭാഗധേയങ്ങളും ഊടും പാവുമായി നെയ്തെടുത്തതായിരുന്നു അദ്ദേഹത്തിന്റെ ഓരോ ഗാനവും. വൈദിക ഋഷികളുടെ അനശ്വരസൂക്തങ്ങളുടേയും പതഞ്ജലി, ബാദരായണൻ മുതലായ ദാർശനികരുടെ ഗഹനസൂത്രങ്ങളുടെയും രാമായണ മഹാഭാരതങ്ങളിലെ ലളിതപദ്യങ്ങളുടെയും ക്ലാസ്സിക്കൽ തമിഴ് കവിതയുടെയും ഇംഗ്ലീഷ്-ഫ്രഞ്ച് റൊമാൻറിക് സാഹിത്യത്തിന്റെയും ഗംഭീരങ്ങളായ പ്രതിധ്വനികൾ അദ്ദേഹത്തിന്റെ അയത്നസുന്ദരങ്ങളായ ഗാനങ്ങളിൽ നീണ്ടുനീണ്ടു പോകുന്ന അനുരണനങ്ങൾ സൃഷ്ടിച്ചു. ശ്രോതാക്കളുടെ ചെവിയിലും മനസ്സിലും ആത്മാവിലും അവ വേലിയേററങ്ങൾ സൃഷ്ടിച്ചുവന്നു. നൂററാണ്ടുകൾക്കിടയ്ക്കു് വല്ലപ്പോഴുമൊരിക്കൽമാത്രം ആവിർഭവിക്കുന്ന ഒരത്ഭുതം പോലെയായിരുന്നു ഭാരതിയുടെ കാവ്യജീവിതം. തമിഴ്പ്രതിഭയ്ക്കു് അതുപോലൊരു വസന്തം വേറെ ഉണ്ടായിട്ടില്ല. മററു ഭാഷാ പ്രദേശങ്ങളിലും അപൂർവമായി മാത്രമേ അതു് ഉണ്ടായിട്ടുള്ളു.

തിരുനെൽവേലി ജില്ലയിൽ എട്ടയാപുരം എന്ന ഗ്രാമത്തിലാണ് സുബ്രഹ്മണ്യഭാരതി പിറന്നതു്. ഹാരീതഗോത്രത്തിൽപ്പിറന്ന ഒരു ബ്രാഹ്മ

ണനായിരുന്ന അദ്ദേഹത്തിന്റെ പിതാവായ ചിന്നസ്വാമി അയ്യർ. ഭാരതിക്ക് അഞ്ചു വയസ്സാകുംമുമ്പ് അമ്മ ലക്ഷ്മിയമ്മാൾ അന്തരിച്ചു. രണ്ടു വർഷം കഴിഞ്ഞ് ചിന്നസ്വാമി അയ്യർ, വള്ളിയമ്മാൾ എന്ന ഒരു സ്ത്രീയെ വിവാഹം ചെയ്തു. വള്ളിയമ്മാൾക്ക് വിശ്വനാഥയ്യർ, ലക്ഷ്മിയമ്മാൾ എന്ന് രണ്ടു മക്കളുണ്ടായി. ഭാരതിയുടെ വൈമാത്രേയ സഹോദരനായ ശ്രീ വിശ്വനാഥയ്യർ ഇപ്പോഴും മാനാമധുരയിൽ ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തിന് 85 വയസ്സായി.

തനിക്ക് പതിനഞ്ചു വയസ്സുള്ളപ്പോൾ, 1896-ൽ ഭാരതി കടൈയം എന്ന സ്ഥലത്ത് ചെല്ലപ്പ അയ്യരുടെ മകൾ ചെല്ലമ്മാളെ വിവാഹം ചെയ്തു. ചെല്ലമ്മാൾക്ക് അപ്പോൾ ഏഴു വയസ്സേ ആയിരുന്നുള്ളു. ചെല്ലമ്മാളുടെ ജ്യേഷ്ഠത്തി പാർവതി (പത്തുവയസ്സ്) ഭാരതിയുടെ അനുജത്തി ലക്ഷ്മി (മൂന്നുവയസ്സ്) എന്നിവരുടെ വിവാഹവും അന്നുതന്നെയായിരുന്നു. അച്ഛന്റെ നിർബന്ധംമൂലം മനസ്സില്ലാതെ ഈ വിവാഹത്തിനു ഭാരതി സമ്മതിക്കേണ്ടിവന്നു. ബാല്യവിവാഹത്തെപ്പററി പിന്നീട് അദ്ദേഹം 'സ്വപ്നം' എന്ന ആത്മകഥാപരമായ കവിതയിൽ ഇങ്ങനെ എഴുതി:

'പാൽകുടിച്ചു കൊഞ്ചുന്ന കിടാങ്ങളെ
പാതകക്കൊട്ടും പാതകപ്പാതകർ
മൂലത്തോടും കലം കെട്ടുത്താൻ വെമ്പും
മൂഢമൂഢ നിർമ്മൂഢ നിസ്സാരന്മാർ
വേളിയെന്ന പേരിൽ കൊലചെയ്യുമീ-
ക്രൂരമാം കർമ്മമൊന്നു നിനയ്ക്കുമ്പോൾ,
മേലുമായിരത്താണ്ടിവർ ദാസരായ്
മാലിൽ മുങ്ങിത്തുലയേണ്ടതല്ലയോ?'

ഭാരതി തിരുനെൽവേലി ഹിന്ദുകോളേജ് ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കേ അച്ഛൻ ചിന്നസ്വാമി അയ്യർ മരിച്ചു. ഇതോടെ ഭാരതിക്കു പഠിപ്പു നിറുത്തേണ്ടിവന്നു. അച്ഛൻ നടത്തിയിരുന്ന വ്യാപാരങ്ങൾ നഷ്ടത്തിൽ കലാശിച്ചു. ഇക്കാലത്ത്, ഭാരതി, തന്റെ ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവ് താമസിച്ചിരുന്ന കാശിയിലേക്കു പോയി. അവിടെ ജയനാരായൺ സ്കൂളിൽ ചേർന്നു പഠിച്ച് 1899-ൽ അലഹാബാദ് സർവകലാശാലയുടെ എൻട്രൻസ് പരീക്ഷ ഒന്നാംക്ലാസ്സായി ജയിച്ചു. ഇക്കാലത്ത് ഹിന്ദി, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഭാരതി പാണ്ഡിത്യം നേടി.

1901-ൽ എഡ്വേർഡ് ചക്രവർത്തിയുടെ സിംഹാസനാരോഹണം പ്രമാണിച്ച് ദൽഹിയിൽ ചേർന്ന ദർബാറിൽ എട്ടയാപുരം ജമീൻദാർ ഹാജരായിരുന്നു. മടങ്ങിവരുംവഴി അദ്ദേഹം കാശിയിലും പോയി. അവിടെവെച്ച് ഭാരതിയെ കണ്ടു. അദ്ദേഹത്തെ എട്ടയാപുരത്തേക്കു കൂട്ടിക്കൊണ്ടുവന്നു. മൂന്നുവർഷം ഭാരതി എട്ടയാപുരം ജമീൻദാരുടെ കീഴിൽ ജോലി ചെയ്തു. ഇംഗ്ലീഷ് പത്രങ്ങൾ വായിച്ച് ജമീൻദാരെ കേൾപ്പിക്കലായിരുന്നു പ്രധാന ജോലി. 'ന്യൂസ് പേപ്പർ റീഡർ' എന്നായിരുന്നു ഉദ്യോഗപ്പേർ. തമിഴ് പണ്ഡിതന്മാരുമായി സമ്പർക്കത്തിലേർപ്പെടാനും തമിഴിൽ കവിതകളെഴുതി പ്രസിദ്ധി നേടാനും ഈ ജോലി ഭാരതിക്ക് അവസരം നൽകി.

ഇക്കാലത്തു പണക്കാരുടെ അക്രമങ്ങളെ ആക്ഷേപിച്ചുകൊണ്ട് ഒരു ലേഖനം 'സർവജനമിത്രൻ' എന്ന പത്രത്തിൽ ഭാരതി എഴുതി. തന്നെ പരിഹസിക്കാനാണ് ഈ ലേഖനം എഴുതപ്പെട്ടതെന്നു കരുതിയ എട്ടയാപുരം ജമീൻദാർ ഭാരതിക്കു ശമ്പളം കൊടുക്കുന്നതു നിറുത്തി. ഇതിനെത്തു

ടർന്ന് ഭാരതി മധുരയിലെ സേതുപതി ഹൈസ്കൂളിൽ മൂന്നുമാസം അദ്ധ്യാപകജോലി നോക്കി. ഇക്കാലത്ത് മധുരയിൽ വന്ന 'സ്വദേശമിത്രൻ' പത്രാധിപർ ജി. സുബ്രഹ്മണ്യയ്യർ ഭാരതിയെ മദ്രാസിലേക്കു ക്ഷണിക്കുകയും, അവിടെ 'സ്വദേശമിത്ര'ന്റെ സബ് എഡിററായി അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു. 'അതുവരെ അനുഗൃഹീതകവി'യെന്നും 'ആശുകവി'യെന്നും അറിയപ്പെട്ടിരുന്ന ഭാരതി 'ദേശീയകവി'യായി വളർന്നതു് മദ്രാസിൽവെച്ചാണ്. 1905 മുതൽ 1908 വരെയുള്ള മൂന്നു വർഷങ്ങളിൽ ഭാരതി ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിനും തമിഴ്സാഹിത്യത്തിനും നൽകിയ സേവനം അനുപമമായിരുന്നു. ബംഗാൾ വിഭജനത്തെത്തുടർന്നു നാട്ടിൽ ബ്രിട്ടീഷ് വിരോധവും ദേശാഭിമാനവും ആളിക്കത്തുന്ന കാലമായിരുന്നു അതു്. വിദേശസാമാന ബഹിഷ്കരണവും സ്വദേശി പ്രസ്ഥാനവും ശക്തിയാർജിച്ചു. തമിഴ്നാട്ടിൽ സ്വാതന്ത്ര്യ കാഹളധ്വനി മുഴക്കുന്നതിൽ മററാരേക്കാളും മുമ്പിൽ ഭാരതി നിലകൊണ്ടു. ഒരു വർഷം 'സ്വദേശമിത്ര'നിലും താൻ ആരംഭിച്ച 'ഇന്ത്യ', 'ബാലഭാരത' (ഇംഗ്ലീഷ്), 'ചക്രവർത്തിനി' എന്നീ പത്രങ്ങളിലും ഭാരതി എഴുതിയ കവിതകളും ലേഖനങ്ങളും വാർത്തകളും തീപ്പൊരി പറക്കുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങളും അദ്ദേഹത്തെ ജനങ്ങളുടെ കണ്ണിലുണ്ണിയാക്കിത്തീർത്തു.

1907-ൽ സൂറത്തിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽവെച്ച്, കോൺഗ്രസ്സിലെ തീവ്രവാദികളും മിതവാദികളും തെററിപ്പിരിഞ്ഞു. ഈ സമ്മേളനത്തിൽ പങ്കെടുത്തു തിരിച്ചുവന്ന ഭാരതി 'ഞങ്ങളുടെ സൂറത്ത്‌യാത്ര എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. തീവ്രവാദികളുടെ നേതാവായ ബാലഗംഗാധര തിലകന്റെ പ്രസംഗങ്ങളും ലേഖനങ്ങളും തമിഴിൽ വിവർത്തനം ചെയ്തു് അച്ചടിച്ചു പ്രചരിപ്പിച്ചു. ലാലാ ലാജ്പത്‌റായ്, അജിത് സിങ്, ബാലഗംഗാധരതിലകൻ മുതലായ തീവ്രവാദി നേതാക്കളെ ഇന്ത്യാ ഗവണ്മെൻറ് നാടുകടത്തി, മദ്രാസിൽ 'സ്വദേശമിത്രൻ' പത്രാധിപർ സുബ്രഹ്മണ്യയ്യർ, സുരേന്ദ്രനാഥ്, എതിരാജ് മുതലായവരെ അറസ്റ്റുചെയ്തു. 'ഇന്ത്യ' എന്ന ഭാരതിയുടെ പത്രത്തിന്റെ പത്രാധിപരായി പേരു് ചേർത്തിരുന്ന എം. ശ്രീനിവാസനും അറസ്റ്റുചെയ്യപ്പെട്ടു. 'ഇന്ത്യ' പത്രം നിരോധിച്ചു. ജയിലിൽ കുടുങ്ങാതിരിക്കുന്നതിനുവേണ്ടി 1908 ൽ ഭാരതി ഫ്രഞ്ചുകാരുടെ കീഴിലുള്ള പുതുശ്ശേരിയിലേക്കു താമസം മാററി.

1918–നു ശേഷം ഭാരതി പുതുശേരിയിൽനിന്നു തിരിച്ചുവന്നു് സർക്കാരിന്റെ നിബന്ധനകൾക്കു വിധേയമായി, കടെയത്തിലും എട്ടയാപുരത്തിലും കുറച്ചുനാൾ പാർത്തു. വീണ്ടും 'സ്വദേശമിത്ര'നിൽ ജോലി സ്വീകരിച്ച് 1920-ൽ മദ്രാസിലേക്കു വന്നു.

1921-ൽ മദ്രാസിൽ കപാലീശ്വര ക്ഷേത്രത്തിലെ ആനയെ തലോടുമ്പോൾ, ആന ഭാരതിയെ തട്ടിവീഴ്ത്തി. ഈ വീഴ്ചയിൽ നേരിട്ട പരുക്കുകളാണ് അദ്ദേഹത്തിന്റെ അകാലമൃത്യുവിനു കാരണമായതു്.

ഭാരതീയ സ്വാതന്ത്ര്യപ്രസ്ഥാനം തമിഴ്നാടിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നതു്, ഭാരതിയുടെ മധുരവും ഗംഭീരവുമായ ശബ്ദത്തിലൂടെ അതു് ആവിഷ്കരിക്കപ്പെട്ടപ്പോഴാണ്. തമിഴ് പ്രാദേശികതയെ ഭാരതദേശീയതയിൽ, പാലിൽ പഞ്ചസാരപോലെ, അലിയിച്ചു ചേർക്കുവാൻ ഭാരതിക്കു കഴിഞ്ഞു.

പാരമ്പര്യത്തിൽ പുലർന്നുവന്ന തമിഴ്നാട്ട് സാമൂഹ്യവിപ്ലവത്തിന്റെ ശംഖൊലി ആദ്യമായി കേട്ടതു് ഭാരതിയുടെ ഭാവഗീതങ്ങളിലായിരുന്നു.

ദേശീയഗീതങ്ങൾ, സ്തോത്രങ്ങൾ, തത്ത്വജ്ഞാനപരങ്ങളായ കവിതകൾ, പലവക കവിതകൾ എന്നു് അദ്ദേഹത്തിന്റെ കൃതികൾ നാലുവിഭാ

ഗങ്ങളിൽപ്പെടുന്നു. ഇരുപത്തിമൂന്നു പാട്ടുകൾ അടങ്ങിയ ഒരു കൃതിയാണ് കണ്ണൻപാട്ട്. 'പാഞ്ചാലിശപഥം' എഴുപത്തിമൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒമ്പതു് ഭാഗങ്ങളടങ്ങിയതാണ് 'കുയിൽ'. ഇവ 'മുപ്പെരും കാവ്യങ്ങൾ' എന്ന് അറിയപ്പെടുന്നു.

9 ഫെബ്രുവരി, 1982

## 91. കൃഷ്ണസ്വാമി റെഡ്യാർ

'കുങ്കുമ'ത്തിന്റെ സ്ഥാപകനും ഉടമയും മാനേജിങ് എഡിറ്ററുമായിരുന്ന ആർ. കൃഷ്ണസ്വാമി റെഡ്യാർ ആഗസ്റ്റ് 20-ാം തീയതി അന്തരിച്ചു. ഏതാനും മാസങ്ങളായി തന്റെ കാഴ്ചശക്തിയെ ഗണ്യമായി ദുർബലപ്പെടുത്തിയിരുന്ന തിമിരരോഗത്തിന് ഫലപ്രദമായ ശസ്ത്രക്രിയ നിർവഹിച്ച ശേഷം, തികഞ്ഞ ആരോഗ്യത്തോടെ അദ്ദേഹം അമേരിക്കയിൽനിന്നു തിരിച്ചെത്തിയിട്ട് ആറു ദിവസങ്ങളേ ആയിരുന്നുള്ളൂ. ഇപ്പോൾത്തന്നെ വ്യത്യസ്താഭിരുചികളെ തൃപ്തിപ്പെടുത്തുന്ന ഒമ്പതു് ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുന്ന തന്റെ പത്രസ്ഥാപനത്തെ കൂടുതൽ വികസിപ്പിക്കുന്നതിനും വൈവിധ്യവല്ക്കരിക്കുന്നതിനുമുള്ള പല പദ്ധതികളും ആസൂത്രണം ചെയ്യുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. തികച്ചും അപ്രതീക്ഷിതമായിരുന്ന രോഗബാധയിൽ സ്പന്ദനരഹിതമാകുന്നതിന് ഏതാനും മണിക്കൂറുകൾ മുമ്പുവരെയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നതു് ഈ പത്രസ്ഥാപനത്തെ സംബന്ധിച്ച ചിന്തകളായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണംമൂലം കേരളശബ്ദം-കുങ്കുമം പത്രകുടുംബം അനാഥമായിരിക്കുന്നു.

സാധാരണ പറയാറുള്ളതുപോലെ, ഈ പത്രകുടുംബത്തിന്റെ 'നെടുംതൂണ്' മാത്രമായിരുന്നില്ല കൃഷ്ണസ്വാമി റെഡ്യാർ. അതിന്റെ അടിത്തറയും ഭിത്തികളും മേൽപ്പുരയും അദ്ദേഹമായിരുന്നു; അതിലുപരി, ആ കുടുംബത്തിൽനിന്നു പ്രസരിച്ചിരുന്ന ചൈതന്യവും കർമശേഷിയും, അതു വായനക്കാർക്കു നൽകിപ്പോന്ന പ്രസാദവും മാധുര്യവും, വിജ്ഞാനവും വിനോദവും എല്ലാം അദ്ദേഹത്തിന്റേതായിരുന്നു. ഈ പത്രകുടുംബം സ്ഥാപിച്ചു നടത്തുന്നതിനാവശ്യമായ മൂലധനം നൽകുക മാത്രമല്ല അദ്ദേഹം ചെയ്തതു്. ഈ സ്ഥാപനത്തെ പൂർണമായും ആസൂത്രണം ചെയ്തു വളർത്തിയതു് കൃഷ്ണസ്വാമി റെഡ്യാർതന്നെയാണ്. അതിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഓരോ വിശദാംശത്തിലും അദ്ദേഹത്തിന്റെ സൂക്ഷ്മശ്രദ്ധ വ്യാപരിച്ചിരുന്നു. ചുരുക്കത്തിൽ, കൃഷ്ണസ്വാമി റെഡ്യാരുടെ വ്യക്തിത്വത്തിന്റെ ഏറെക്കുറെ സമഗ്രവും മൂർത്തവുമായ പ്രൊജക്ഷൻ (പുരഃക്ഷേപണം) ആയിരുന്നു ഈ പത്രകുടുംബം.

'ഏറെക്കുറെ സമഗ്രം' എന്നു പറഞ്ഞതു് കാരണമില്ലാതെയല്ല. അത്ഭുതാവഹമാംവിധം ബഹുമുഖമായിരുന്ന കൃഷ്ണസ്വാമി റെഡ്യാരുടെ വ്യക്തിത്വം. അതു പൂർണമായും ഏതെങ്കിലുമൊരു പ്രവർത്തനമണ്ഡലത്തിൽ ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. 'വലിയ മനുഷ്യൻ' എന്ന് അക്ഷരാർഥത്തിലും ആലങ്കാരികാർഥത്തിലും ആളുകൾ അദ്ദേഹത്തെ വിവരിച്ചു വന്നതിൽ അതിശയോക്തിയില്ല. പല ദിശകളിലേക്കുള്ള വളർച്ചകളുടെ സമന്വയമായിരുന്നു അദ്ദേഹത്തിന്റെ 'വലിപ്പം'. ആന്ധ്രപ്രദേശത്തുനിന്ന് എത്രയോ തലമുറകൾ മുമ്പ് തമിഴ്നാട്ടിൽ കുടിയേറിപ്പാർത്ത അദ്ദേഹത്തിന്റെ മാതൃഭാഷ തെലുങ്ക് ആയിരുന്നു; വിദ്യാഭ്യാസഭാഷ തമിഴും.